## ഭരണഭാഷ മാതൃഭാഷ

ജി.വൈഎ.ൻ.ഡി.നം: 11/2026

മാനേജരുടെകാര്യാലയം
സർക്കാർ യാത്രിനിവാസ്
വിനോദസഞ്ചാരവകുപ്പ്
ദേവികുളം, ഇടുക്കി .
പിൻ –685613
ഫോൺ: 04865 264300
yndevikulam@keralatourism.org
തീയതി : 17/08/2026

പ്രേഷിതൻ :
മാനേജർ

സ്വീകർത്താവ് :
ഡയറക്ടർ,
വിനോദസഞ്ചാരവകുപ്പ് ,
പാർക്ക് വ്യൂ,
തിരുവനന്തപുരം.

സർ,

വിഷയം : വിനോദസഞ്ചാരവകുപ്പ് – ദേവികുളം യാത്രിനിവാസിലെയും , സർക്കാർ അതിഥിമന്ദിരത്തിലെയും അലക്ക് ജോലികൾ– പുനർ ക്വട്ടേഷൻ ക്ഷണിച്ചത് പരസ്യം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നത് സംബന്ധിച്ച്-

സൂചനാ :1. 14/05/2026 തീയതിയിലെ വിനോദസഞ്ചാരവകുപ്പ് അഡീഷണൽ ഡയറക്ടറുടെ(ഹോസ്പ്പിറ്റാലിറ്റി) DOT/1076/2026–HB4 അക്കമിട്ട കത്ത്

2. 17/08/2026 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ജി.വൈഎ.ൻ.ഡി.നം: 11/2026 നമ്പറായുള്ള ക്വട്ടേഷൻ നോട്ടീസ്

ദയവായി മേൽ വിഷയത്തിലേക്ക് ശ്രദ്ധിച്ചാലും, നവീകരണ പ്രവർത്തികൾ പൂർത്തിയാക്കിയ ദേവികുളംയാത്രിനിവാസിലെയും, സർക്കാർ അതിഥിമന്ദിരത്തിലെയും അലക്ക് ജോലികൾ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിനുള്ള അനുമതി സൂചന 1. പ്രകാരം വകുപ്പിൽ നിന്നും ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ കരാർ ക്ഷണിക്കുന്നതിനുള്ള ക്വട്ടേഷൻ പരസ്യം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

മാനേജർ
സർക്കാർ യാത്രി നിവാസ്
ദേവികുളം

(മുദ്ര: സർക്കാർ യാത്രിനിവാസ് ദേവികുളം, വിനോദസഞ്ചാര വകുപ്പ്)

# വിനോദ സഞ്ചാര വകുപ്പ് സർക്കാർ യാത്രിനിവാസ് /
# സർക്കാർ അതിഥിമന്ദിരം - ദേവികുളം (ഫോൺ -(264223-04865

ജി.വൈഎ.ൻ.ഡി.നം : 11/2026 തീയതി : 17/08/2026

## ക്വട്ടേഷൻ പരസ്യം

ടൂറിസം വകുപ്പിൻെറ അധീനതയിലുള്ള ദേവികുളം സർക്കാർ അതിഥി മന്ദിരത്തിലെയും യാത്രിനിവാസിലെയും അലക്ക് ജോലികൾ ഒരു വർഷത്തിലേക്ക് പരിപാലിക്കുന്നതിന് പരിചയ സമ്പന്നരായ ഏജൻസികളിൽ /വ്യക്തികൾ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

## ക്വട്ടേഷൻ നിബന്ധനകൾ

.1 തുണികൾ ഓരോന്നിനും(ബെഡ് ഷീറ്റ്, പില്ലോ കവർ, ബാത്ത് ടവ്വൽ,ഫേസ് ടവ്വൽ, ബെഡ് കവർ, ബ്ലാങ്കറ്റ്, കർട്ടൻ മുതലായവ) എത്ര രൂപ എന്ന കണക്കിലുള്ള തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത് .കവറിന് പുറത്ത് ദേവികുളം സർക്കാർ അതിഥി മന്ദിരം / യാത്രിനിവാസ് ലോണ്ട്രി കരാറിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ഡിമാൻഡ് ഡ്രാഫ്റ്റ് എന്നിവ ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

2. ക്വട്ടേഷൻ 01/09/2026 ഉച്ചയ്ക്ക് ശേഷം 1 മണി വരെ ദേവികുളം സർക്കാർ യാത്രിനിവാസിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കുന്നതാണ്.

3. സ്വീകരിച്ച ക്വട്ടേഷനുകൾ 01/09/2026 2 pm മണിക്ക് തുറന്ന്, തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ക്വട്ടേഷൻ നടപടികൾ റദ്ധ് ചെയ്യുവാനോ, മാറ്റിവെക്കാനുള്ള അധികാരം ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും .

4. ഏതെങ്കിലും ദേശസാൽകൃത/ അംഗീകൃത ബാങ്കിൽ നിന്നും ഡയറക്ടർ, ടൂറിസം വകുപ്പ് തിരുവനന്തപുരം -33 എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 5,000/- (അയ്യായിരം) രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

5 ക്വട്ടേഷനിൽ പങ്കെടുക്കുന്ന ആൾ സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്.

6.ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന ആൾക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതിനായി, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പിൽ നിന്നും അനുമതി ലഭിച്ചതിനു ശേഷം ഒരു വർഷത്തേക്ക് ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്നതായിരിക്കും. ഇത് സംബന്ധിച്ച് വകുപ്പുമായി 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ഒപ്പുവെക്കേണ്ടതാണ്.

7.ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന ആൾ വകുപ്പുമായി കരാറിൽ ഏർപ്പെടാതെ പിന്മാറുന്ന പക്ഷം നിരതദ്രവ്യമായി കെട്ടി വെച്ച തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതാണ്.

8. രണ്ടാമതായി കുറഞ്ഞ തുക രേഖപ്പെടുത്തുന്ന ആളിന്റെ നിരതദ്രവ്യം, ക്വട്ടേഷൻ ലഭിച്ച വ്യക്തി വകുപ്പുമായി കരാറിൽ ഏർപ്പെടുന്നത് വരെ തിരികെ നൽകുന്നതല്ല.

9. മേൽ കരാർ ഏത് ഘട്ടത്തിലും റദ്ദാക്കുന്നതിനുള്ള അധികാരം ടൂറിസം വകുപ്പിന് ഉണ്ടായിരിക്കുന്നതാണ്.

10. ലോൺഡ്രി സർവ്വീസ് നടത്തുന്ന തുണിത്തരങ്ങൾക്ക് യാതൊരു നാശനഷ്ടമോ, കേടുപാടുകളോ വരുത്തുവാൻ പാടുള്ളതല്ല. അല്ലാത്തപക്ഷം അതിന്റെ വില അടയ്ക്കുവാൻ കരാർ ലഭിച്ച വ്യക്തി ബാധ്യസ്ഥനായിരിക്കും.

11. സർക്കാർ അതിഥി മന്ദിരം / യാത്രിനിവാസ് നിന്നും ആവശ്യപ്പെടുന്ന സമയങ്ങളിൽ, അതിഥി മന്ദിരത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കാലതാമസം കൂടാതെ ലോൺഡ്രി സർവ്വീസ് ചെയ്ത് നൽകേണ്ടതാണ്.

12.ഓരോ മാസത്തേയും ലോൺഡ്രി ബില്ലുകൾ ,അടുത്ത മാസം 5-)o തീയതിക്കകം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

13.നടപടി ക്രമങ്ങൾ പൂർത്തിയാക്കി ടൂറിസം വകുപ്പിൽ നിന്നും ഫണ്ടുകൾ ലഭിക്കുന്ന മുറയ്ക്ക് യഥാവിധി ലോൺഡ്രി ബില്ലുകൾ ദേവികുളം സബ് ട്രഷറിയിൽ സമർപ്പിച്ച് കരാറുകാരന്റ ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറി നൽകുന്നതാണ്.

14. മേൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക പുറമെ ടൂറിസം വകുപ്പ് കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന മറ്റ് വ്യവസ്ഥകളും ബാധകമായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം മാനേജർ, സർക്കാർ യാത്രിനിവാസ്, വിനോദസഞ്ചാരവകുപ്പ് , ദേവികുളം പിൻ. 685613 - കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നേരിട്ടോ,ഫോൺ മുഖേനയോ , (04865-264223)അറിയാവുന്നതാണ്.

മാനേജർ

മാനേജർ
സർക്കാർ യാത്രി നിവാസ്
ദേവികുളം

പകർപ്പ്-

1. ഡയറക്ടർ, വിനോദസഞ്ചാരവകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, വിനോദസഞ്ചാരവകുപ്പ്, എറണാകുളം
3. ഡെപ്യൂട്ടി ഡയറക്ടർ, വിനോദസഞ്ചാരവകുപ്പ്, ജില്ലാ ഓഫീസ്, കുമളി, ഇടുക്കി
4. ഓഫീസ് കോപ്പി.